# ക്രൂശിലെ മൊഴികൾ

സണ്ണി തോമസ്

# ക്രൂശിലെ മൊഴികൾ

ഗിരിപ്രഭാഷണം ഉൾപ്പെടെ അനേക ലാവണ്യവാക്കുകൾ യേശുക്രിസ്തുവിൽ നിന്നും ലോകം കേട്ടിട്ടുണ്ട്. എന്നാൽ ക്രിസ്തുവിന്റെ ക്രൂശിലെ മൊഴികൾക്ക് ഒരു പ്രത്യേകത ഉണ്ട്. അത് വേദനയിൽ നിന്നും ഉയരുന്ന ശബ്ദമാണ്. ഗതശമനയിലെ മാനസിക വേദന, ക്രൂശിലെ ശാരീരിക വേദന, ആത്മാവിന്റെ വേദന എന്നീ മൂന്ന് അനുഭവങ്ങളിലൂടെ യേശു കടന്നുപോയി. ലോക ചരിത്രത്തിൽ കഷ്ടാനുഭവങ്ങളുടെ പൂർണ്ണത അനുഭവിച്ച ഏക വ്യക്തി യേശുക്രിസ്തു ആയിരുന്നു.

യേശുക്രിസ്തുവിന്റെ ക്രൂശുമരണവും കഷ്ടാനുഭവങ്ങളും അനേകർ വർഷത്തിൽ ഒരിക്കൽ ഓർക്കാറുണ്ട് എന്നാൽ കേവലം ഓർമ്മയിൽ മാത്രമായി അത് തീരാതെ ഒരു വ്യക്തിയുടെ ജീവിതത്തിലെ ആത്മിക അനുഭവമായി അത് രൂപാന്തരപ്പെടേണ്ടത് ആവശ്യമായിരിക്കുന്നു.

ക്രൂശിൽ കിടന്ന ആറു മണിക്കൂറുകളിൽ ക്രിസ്തു ഏഴു മൊഴികൾ ഉച്ചരിക്കുന്നു. ലൂക്കോസിന്റെ സുവിശേഷം 23:33,34 - വാക്യങ്ങളിൽ കുരിശിലെ ആദ്യമൊഴി രേഖപ്പെടുത്തിയിരിക്കുന്നു. അത് ചിന്തിക്കുന്നതിന് മുമ്പായി അതിന്റെ പശ്ചാത്തലം മനസ്സിലാക്കേണ്ടത് ആവശ്യമായിരിക്കുന്നു.

ക്രിസ്തുവിനെ ക്രൂശിക്കുവാൻ കൊണ്ടുവന്നത് 'തലയോടിടം' എന്ന സ്ഥലത്തായിരുന്നു. അതിന് യവന ഭാഷയിൽ 'നിന്ദ' എന്നാണർത്ഥം. മനഃപൂർവ്വമായി ക്രിസ്തുവിനെ നിന്ദിക്കുവാൻ യഹൂദന്മാർ ആ സ്ഥലം തന്നെ തിരഞ്ഞെടുത്തു. ക്രൂശീകരണ സ്ഥാനവും രണ്ടു കള്ളന്മാരുടെ മദ്ധ്യേ ആക്കി. ക്രിസ്തുവിനെ ഏറ്റം മോശമായി സമൂഹ മദ്ധ്യേ ചിത്രീകരിക്കാനായിരുന്നു അതിലൂടെ യഹൂദർ ശ്രമിച്ചത്. ന്യായപ്രമാണപ്രകാരം ആയിരുന്നുവെങ്കിൽ കല്ലെറിഞ്ഞു കൊല്ലുവാൻ പിലാത്തോസിനോട് അവർക്കാവശ്യപ്പെടാമായിരുന്നു. എന്നാൽ 'അവനെ ക്രൂശിക്ക' എന്ന് നിലവിളിച്ചുകൊണ്ട് ക്രൂശീകരണത്തിലൂടെ ജാതിയ നിന്ദ ക്രിസ്തുവിന്റെ മേൽ അധികം വരുത്തുവാൻ അവർ ആഗ്രഹിച്ചു.

യിസ്രായേലിൽ ആരെങ്കിലും വരുവാനുള്ള മശിഹ ആണ് യേശു എന്ന് കരുത്തുന്നുവെങ്കിൽ ആ വിശ്വാസത്തെ ഇല്ലാതാക്കുവാൻ അവർ ആഗ്രഹിച്ചു. യഹൂദർ ഒരു മശിഹ അവരുടെ രക്ഷകനായി വരുമെന്ന് അവരുടെ പ്രവാചകന്മാരിലൂടെ മനസ്സിലാക്കിയിരുന്നു. എന്നാൽ തങ്ങളുടെ മുന്നിൽ ജീവിച്ച യേശു സാക്ഷാൽ മശിഹാ ആയിരുന്നുവെന്നത് അവർക്ക് ഉൾക്കൊള്ളുവാനൊ വിശ്വസിക്കുവാനൊ കഴിഞ്ഞില്ല. അതുകൊണ്ട് തന്നെയാണ് ബൈബിളിലെ അപ്പൊലസ്തല പ്രവർത്തികളിൽ ശ്ലീഹാമാരായ പത്രൊസിന്റെയും പൗലോസിന്റെയും പ്രസംഗ ഉദ്ധരണികളിൽ : "മരണ യോഗ്യമായത് ഒന്നും ചെയ്തിട്ടില്ലാത്ത യേശുവിനെ നിങ്ങൾ കൊന്നുകളഞ്ഞു-" എന്നും, "ജീവനായകനെ നിങ്ങൾ കൊന്നു" എന്നും നാം വായിക്കുന്നത്. യഹൂദർ കൊന്ന യേശു സാക്ഷാൽ മശിഹായും, ക്രിസ്തുവും ആയിരുന്നു എന്ന് അവർ ഉടനീളം തെളിയിച്ചുകൊണ്ടിരുന്നു.

ക്രൂശിലെ 6 മണിക്കൂർ യാതനകൾക്ക് 2 ഭാഗങ്ങൾ ഉണ്ട്. ആദ്യത്തെ മൂന്നു മണിക്കൂർ ആണ് അതിലെ ആദ്യ ഭാഗം. അതായത് 3-ാം മണിനേരം മുതൽ 6-ാം മണി നേരം വരെ. ആദ്യഭാഗത്ത് 3 മൊഴികളും രണ്ടാം ഭാഗത്ത് 4 മൊഴികളുമാണ് ഉദ്ധരിക്കപ്പെട്ടിട്ടുള്ളത്.

## മൊഴി – 1

*"പിതാവെ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന്
അറിയായ്ക കൊണ്ട് ഇവരോട് ക്ഷമിക്കേണമേ"*

(ലൂക്കോസ് 23:34)

യേശുവിനെ ക്രൂശിച്ച ശേഷം യഹൂദന്മാർ പരിഹാസത്തോടെ വിളിച്ചു പറഞ്ഞു : "നീ ക്രിസ്തു എങ്കിൽ ക്രൂശിൽ നിന്നും ഇറങ്ങി വാ" എന്ന്. വില്യം ബൂത്ത് ഇതിന് മറുപടി പറഞ്ഞിട്ടുണ്ട്: "യേശുവെ, നീ ക്രൂശിൽ നിന്നും ഇറങ്ങി വരാത്തതു കൊണ്ട് ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നീ ക്രൂശിൽ നിന്നും ഇറങ്ങി വന്നിരുന്നെങ്കിൽ ഞങ്ങളുടെ രക്ഷ സാധിക്കുമായിരുന്നില്ല".

എന്നാൽ ക്രൂശിലെ സകല യാതനകളും ശാന്തമായി സഹിച്ച് പാപികൾക്കുവേണ്ടി മരണം അനുഭവിച്ച് 3-ാം ദിനം മരണത്തെയും തോൽപിച്ച് പുനരുത്ഥാന ശക്തിയാൽ ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ് പിന്നെ ലോകം കണ്ടത്.

ആദ്യ മൊഴിയിൽ ഇവർ ചെയ്യുന്നത് എന്ത് എന്ന് ഇവർ അറിയുന്നില്ല എന്ന് കർത്താവ് പറഞ്ഞു. കൊരിന്ത്യർക്ക് ലേഖനം എഴുതുമ്പോൾ പൗലൊസ് ശ്ലീഹ ഇതുതന്നെ അർത്ഥം ആക്കിയിട്ടുണ്ട്. "യഹൂദർ ചെയ്യുന്നത് എന്ത് എന്ന് അവർ അറിഞ്ഞിരുന്നുവെങ്കിൽ അവർ തേജസ്സിന്റെ കർത്താവിനെ ക്രൂശിക്ക ഇല്ലായിരുന്നു" എന്ന്.

"ഇവരോട് ക്ഷമിക്കേണമെ":

യെശയ്യാ പ്രവചനം 53:12 – ആണ് ഇവിടെ നിവർത്തി വരുന്നത്. ക്രിസ്തുവിനും 700 വർഷങ്ങൾക്ക് മുമ്പ് പ്രവാചകൻ ക്രൂശീകരണത്തെ പ്രവചിച്ചു എഴുതി: "അവൻ അതിക്രമക്കാർക്കു വേണ്ടി ഇടനിന്നു" എന്ന്. പാപിക്കുവേണ്ടി ദൈവമുൻപാകെ ഇടനിൽക്കുന്ന നിമിഷങ്ങൾ. നമ്മുടെ പാപങ്ങൾക്ക് പകരക്കാരനായി ശിക്ഷ അനുഭവിക്കുന്ന നിമിഷങ്ങൾ. നമുക്കുവേണ്ടി ഇടനിന്നുകൊണ്ടാണ് പറയുന്നത് " ഇവരോട് ക്ഷമിക്കേണമെ" എന്ന്. എന്നെ ശിക്ഷിച്ചുകൊണ്ട് "ഇവരോട് ക്ഷമിക്കേണമെ". ഇവർ

വെറുതെ പോകട്ടെ, ഇവർ പാപത്തിൽ നിന്നും സ്വതന്ത്രരായി പോകട്ടെ. മരണത്തിന്റെ നിയമത്തിന് അതീതനായ ദൈവപുത്രൻ മരണത്തിന്റെ നിയമത്തിന് അധീനനായ പാപിക്കുവേണ്ടി അപേക്ഷിക്കുന്ന നിമിഷങ്ങൾ. ആദ്യമൊഴി എത്രമാത്രം മഹത്തായതായിരിക്കുന്നു. ദൈവ നീതി നിറവേറ്റി മനുഷ്യ വർഗ്ഗത്തിന് നീതിപൂർവ്വമായ രക്ഷ ഒരുക്കുവാൻ ക്രിസ്തു തയ്യാറായി. “ഇവരോട് ക്ഷമിക്കുക” എന്ന് പറയുമ്പോൾ ക്രിസ്തുവിന്റെ രക്തം പാപിക്ക് ഗുണകരമായി തീരട്ടെ എന്നാണ് മനസ്സിലാക്കേണ്ടത്. എബ്രായ ലേഖനത്തിൽ ക്രിസ്തുവിന്റെ രക്തത്തെക്കുറിച്ച് എഴുതിയിരിക്കുന്നത്, “ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹ രക്തം” എന്നാണ്. ബൈബിളിലെ ആദ്യ പുസ്തകമായ ഉല്പത്തി പുസ്തകത്തിൽ ഹാബേലിന്റെ രക്തം നീതിക്കും, പ്രതികാര ത്തിനുമായി നിലവിളിച്ചതായി നാം കാണുന്നു. എന്നാൽ ക്രിസ്തുവിന്റെ രക്തം തന്നെ കൊല്ലുന്നവർക്കും, ലോകത്തിലെ സകല മനുഷ്യർക്കുമായി ഗുണകരമായി സംസാരിക്കുന്നു എന്ന് ബൈബിൾ പറയുന്നു. അതുകൊണ്ടാണ് പാപക്ഷമയുടെ മാർഗ്ഗം ക്രൂശിൽ തുറക്കപ്പെട്ടത്. ലോകത്തിൽ ഇന്ന് ദൈവമക്കൾ ഉണ്ടായത്. നമുക്കുവേണ്ടി പക്ഷവാദം ചെയ്ത സ്നേഹം, നമ്മെ കരങ്ങളിൽ വഹിച്ച ക്രിസ്തുവിന്റെ സ്നേഹം നാം ക്രൂശിൽ കാണുന്നു.

കാൽവറി ക്രൂശ് ഒരിക്കൽ നിന്ദയുടെ സ്ഥാനം ആയിരുന്നു വെങ്കിലും ഒടുവിൽ അത് വിശ്വാസികളുടെ പ്രശംസാ സ്ഥാനമായി തീർന്നു. പൗലൊസ് അപ്പൊസ്തലൻ ഗലാത്യ ലേഖനം എഴുതി വന്നപ്പോൾ അതിൽ ഇങ്ങനെ എഴുതി : എനിക്കൊ എന്റെ കർത്താവിന്റെ ക്രൂശിൽ അല്ലാതെ മറ്റൊന്നിലും പ്രശംസിക്കാൻ ഇടവരരുത്.” മരണഭയം ഉളവാക്കുന്ന, ഭീതി ഉളവാക്കുന്ന രക്തക്കറ പുരണ്ട കൊലക്കളം. അതാണ് ക്രൂശ് - എന്തിരിക്കുന്നു അതിൽ പ്രശംസിപ്പാൻ? എന്നാൽ അത് മനുഷ്യനെയും സ്വർഗ്ഗത്തേയും തമ്മിൽ ബന്ധിപ്പിച്ചപ്പോൾ, വീണ്ടെടുപ്പിന്റെ സ്ഥാനം ആയി

തീർന്നപ്പോൾ, ഒരു വ്യക്തിയുടെ ഹൃദയത്തിന്റെ ആത്മിക രൂപാന്തരത്തിന് ഹേതുവായി തീർന്നപ്പോൾ - ക്രൂശ് ഇന്ന് വിശ്വാസിയുടെ പ്രശംസാ വിഷയം ആയി തീർന്നു. ഞാൻ ഒരു വസ്തുത കൂടി പറഞ്ഞുകൊള്ളട്ടെ. ക്രൂശ് ഒരു രൂപമായിട്ടല്ല നമ്മുടെ കണ്ണിനു മുൻപിൽ ഇരിക്കേണ്ടത്. അത് ഒരു ആത്മിക അനുഭവമായി നമ്മുടെ ഹൃദയത്തിൽ ആയിത്തീരേണം. ഗമാലിയേലിന്റെ പാദപീഠത്തിൽ ഇരുന്നു പഠിച്ച പൗലൊസ്, ബുദ്ധിയിലുണ്ടായിരുന്ന ആ അറിവിനെക്കാൾ ക്രൂശിന്റെ വചന ശക്തിയെ തന്റെ ഹൃദയത്തിൽ ഉൾക്കൊണ്ടു. ''ഇവരോട് ക്ഷമിക്കേണമെ'' എന്ന മൊഴി മുഖാന്തിരം ഏതു കൊടിയ പാപിക്കും ക്രൂശിൽ കരുണ കണ്ടെത്താം.

ഒരു വസ്തുത ഇവിടെ സ്മരിക്കുവാൻ ആഗ്രഹിക്കുന്നു. ഒന്നാം നൂറ്റാണ്ടിലെ സുവിശേഷീകരണത്തെ കുറിച്ചുള്ള ചരിത്ര സാക്ഷ്യങ്ങളിൽ ഇങ്ങനെ കാണുന്നു. യേശുക്രിസ്തുവിന്റെ മരണ, അടക്ക, പുനരുദ്ധാനത്തിനുശേഷം പരിശുദ്ധാത്മ ശക്തി പ്രാപിച്ച ശ്ലീഹമാർ, ക്രൂശീകരണ സ്ഥലമായ യരുശലേമിൽ തന്നെ സുവിശേഷം ആദ്യം പ്രസംഗിച്ചു തുടങ്ങി. ക്രിസ്തുവിന്റെ ചോരക്കറകൾ പോലും ആ മണ്ണിൽ ഉണങ്ങിവരുന്നതേയുള്ളൂ. ക്രിസ്തുവിനെ ക്രൂശിക്കാൻ പ്രേരണ ചെലുത്തിയ യഹൂദ പ്രമാണിമാരും, ഉപദ്രവിച്ച് ക്രൂശിച്ച റോമൻ പടയാളികളിൽ പലരും അന്ന് ആ തെരുവീഥികളിൽ നിൽക്കുന്നുണ്ടായിരുന്നു. പാപമോചനത്തിന്റെ സുവിശേഷം ശക്തിയോടെ പ്രസംഗിച്ചുകൊണ്ട് ആ ശ്ലീഹമാർ ഇങ്ങനെ വിളിച്ചു പറഞ്ഞു: "ജീവനായകനെ നിങ്ങൾ കൊന്നുകളഞ്ഞു" എന്നാൽ അതിൽ ഒരു പങ്കു നീ വഹിച്ചിട്ടുണ്ടെങ്കിൽ കൂടി അതായത് അവനെ ചാട്ടവാറുകൊണ്ടടിച്ചവൻ, തലയിൽ മുൾമുടി വെച്ച് ആഞ്ഞടിച്ചവൻ, കാൽ കരങ്ങളിൽ കാരിരുമ്പാണി അടിച്ചു കയറ്റിയവൻ, വിലാപ്പുറത്ത് കുന്തം കൊണ്ട് കുത്തിയവൻ നീ ആണെങ്കിൽ കൂടി - നിന്നോടും ക്ഷമിക്കുവാൻ കർത്താവ് തയ്യാറാണ്. എന്നത്രെ. "പിതാവെ, ഇവർ ചെയ്യുന്നത്

എന്തെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമെ". ഇതിൽ ഉപരി എന്ത് സുവാർത്തയാണ് ഉള്ളത്? ഇതാണ് സുവിശേഷ ത്തിന്റെ നിസ്തുല്ല്യത എന്ന് പറയുന്നത്. ക്രൂശിച്ചവർക്കുപോലും പാപക്ഷമ നൽകുന്ന സുവിശേഷം. ഇന്നുതന്നെ പാപക്ഷമയുടെ ആ അനുഗ്രഹം പ്രാപിക്കുക. ക്രൂശിലെ ആദ്യമൊഴിയുടെ അനുഗ്രഹം നിങ്ങളിൽ നിവർത്തിയാകട്ടെ.

### മൊഴി – 2

*"ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും"*

(ലൂക്കോസ് 23:39–43)

മരണം മാത്രം മുന്നിൽ കാണുന്ന ഒരുവനെ തേടി എത്തുന്ന ജീവാനുഗ്രഹം. ലോകത്തിൽ ആർക്ക് ഇങ്ങനെയുള്ള ഒരു അനുഗ്രഹം നൽകുവാൻ കഴിയും? അത് യേശുക്രിസ്തുവിന്റെ ക്രൂശിന്റെ സാദ്ധ്യത ഒന്നുകൊണ്ട് മാത്രമാണ്.

മരണം മാത്രം മുന്നിൽ കാണുന്ന ഒരുവനെ മരണം മാത്രമെ തേടിവരികയുള്ളൂ. എന്നാൽ ഇവിടെ ജീവൻ അതിലുപരി പറുദീസയിലെ നിത്യജീവൻ അവനെ തേടി എത്തുന്നു. നരകം മാത്രം തൊട്ടു മുന്നിൽ കാണുന്ന ഒരുവന് സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കപ്പെടുന്നു. ജീവാനുഗ്രഹമായ മൊഴി ആ കള്ളൻ കേട്ടു. "ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും". ചില നിമിഷങ്ങൾക്കുള്ളിൽ പാപക്ഷമ പ്രാപിക്കാത്തവനായി മരണത്താൽ നരകത്തിൽ പതിക്കേണ്ടവൻ. ഇങ്ങനെ ഒരു ഉദ്ധരണി ഉണ്ട്: "നരകം എന്നത് വൈകിമാത്രം മനസ്സിലാകുന്ന ഒരു യാഥാർത്ഥ്യം ആകുന്നു" എന്ന്. പച്ചിലകൾ കണ്ട് അറവുശാലയി ലേക്ക് എന്നറിയാതെ മുന്നോട്ടു നീങ്ങുന്ന മൃഗങ്ങളുടെ അവസ്ഥയിലാണ് പാപലോകം. ഈ കള്ളനും അതിൽ ഒരുവൻ ആയിരുന്നു.

എന്നാൽ രണ്ടാമത്തെ മൊഴി അവനെ സംബന്ധിച്ച് ഒരു

മഹാത്ഭുതം ആയി. ലോകം അവനെ കൊന്നു. എന്നാൽ ക്രിസ്തു അവന് പറുദീസ നൽകി.

ദൈവ കരുണ എന്ന മഹാസമുദ്രത്തിൽ ഇടം കണ്ടെത്തിയ വ്യക്തി. ജീവജലത്തിന്റെ ഒരു തുള്ളി മാത്രം മതി ഒരു ജീവിതം ധന്യമായി തീരുവാൻ. നിത്യസന്തോഷവും, ദിവ്യ സമാധാനവും പ്രാപിക്കുവാൻ ആ ജീവജലം ധാരാളം മതിയായതാണ്. അത് വേണ്ട എന്ന് ആരും വെക്കരുത്.

ഒരു കള്ളൻ അത് വേണ്ട എന്ന് വെച്ചു. സ്വാഭാവികമായ ന്യായവിധിയുടെ ദുരന്തത്തിലേക്ക് സ്വയം നീങ്ങി. എന്നാൽ ക്രിസ്തുവിനെ ഉൾകൊള്ളുവാൻ മനസ്സുവെക്കുന്ന നിമിഷം ഒരു വ്യക്തിയിൽ സംഭവിക്കുന്ന ആത്മിക രൂപാന്തരത്തിന്റെ ദൃഷ്ടാന്തമാണ് കുരിശിലെ കള്ളൻ. ജീവജലം ഒരു തുള്ളി മാത്രം ധാരാളം മതിയാകും ഒരുവന് നിത്യ അനുഗ്രഹം പ്രാപിക്കുവാൻ. എന്നാൽ ദൈവം അത് നൽകുന്നത് സമൃദ്ധിയായിട്ടാണ് എന്ന് ഓർക്കുക. പാപത്തിന്റെ വിഷം പൂർണ്ണമായി മാറ്റുവാനുള്ള ജീവാമൃതമാണ് ക്രൂശിന്റെ വചനം

കാൽവറി മലയിൽ യേശുവിന് ഇരുവശവുമായി ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മാർ. ഒരു കള്ളനിൽ നാം കാണുന്നത് പാപത്തിന്റെ കഠിനത, നിഗളം, പരിഹാസം, വെല്ലുവിളി, അവിശ്വാസം. ഇരു കള്ളന്മാരും കിടക്കുന്നത് ക്രിസ്തുവിന് സമദൂരത്തിലാണ്. ഒരു കള്ളൻ പാപത്തിൽ ജനിച്ചു, പാപത്തിൽ ജീവിച്ചു, പാപത്തിൽ മരിക്കുവാൻ തുടങ്ങുന്നു. മരണാനന്തരം ന്യായ വിധിയിലേക്കും, നരകത്തിലേക്കും നീങ്ങും. മറ്റേ കള്ളനും പാപത്തിൽ ജനിച്ചു, പാപത്തിൽ ജീവിച്ചു എന്നാൽ ജീവിതം അവസാനിക്കുന്നതിന് മുന്നേ ക്രിസ്തുവിൽ പാപക്ഷമയും, നിത്യജീവനും കണ്ടെത്തി. സകല മനുഷ്യരും ഒരുപോലെ ജനിക്കുന്നു, ജീവിക്കുന്നു. എന്നാൽ ഏതുവിധം മരിക്കും എന്നതും, നിത്യത എവിടെ ആയിരിക്കും എന്നതും ഒരു വലിയ ചോദ്യം തന്നെയാണ്.

ആ കള്ളന്മാർ തമ്മിലുള്ള സംസാരം നാം ശ്രദ്ധിക്കുക. ഒരു കള്ളന്റെ സംസാരത്തിൽ പാപത്തിന്റെ കഠിനത, നിഗളം, പരിഹാസം, വെല്ലുവിളി, അവിശ്വാസം എന്നിവ കാണാം. എന്നാൽ മാനസാന്തരപ്പെടുന്ന കള്ളനിൽ മനഃസാക്ഷിയുടെ മൃദുലത, വിനയം, ദൈവ മഹത്വം, കൃപയിലുള്ള വിധേയത്വം, വിശ്വാസം എന്നിവയാണ് കാണപ്പെടുന്നത്. കള്ളനായി ക്രൂശിക്കപ്പെട്ടു എങ്കിലും യേശുക്രിസ്തുവിന്റെ പരിശുദ്ധ രക്തത്തിന്റെ പുണ്യം മുഖാന്തരം വിശുദ്ധീകരിക്കപ്പെട്ടു നീതിമാനായി. ദൈവ നീതി അവനെ നീതീകരിച്ചു. സ്വർഗ്ഗം അവനെ വിശുദ്ധനായി പ്രഖ്യാപിച്ചു. യേശുക്രിസ്തുവിങ്കലെ വിശ്വാസത്താൽ ആർക്കും സൗജന്യമായി പ്രാപിക്കാവുന്ന മഹത്തായ രക്ഷയുടെ ഉദാഹരണമാണ് ഈ വ്യക്തി.

ഇന്ന് സുവിശേഷം ശ്രദ്ധിക്കുന്നവർ ഈ രൂപാന്തരം പ്രാപിക്കുക. ഹൃദയത്തെ വിനയപ്പെടുത്തുക. വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയത്തിലേക്ക് കടന്നുവരിക. ഈ കള്ളൻ തന്റെ ആയുസ്സ് അവസാനിക്കുന്നതിന് തൊട്ടു മുമ്പ് വിശ്വാസത്തിലേക്ക് കടന്നു വന്നു. യഥാർത്ഥ മാനസാന്തരം ഒരിക്കലും വൈകില്ല. എന്നാൽ മാനസാന്തരത്തിന് വൈകുന്നത് അപകടകരമാണ്. മാനസാന്തര ത്തിന് വൈകിയാൽ ഉണ്ടാകുന്ന ന്യായവിധിയുടെ പ്രത്യാഘാതം അളക്കുവാൻ ഒരു മാപിനിക്കും കഴികയില്ല.

ക്രൂശീകരണത്തിന്റെ തുടക്കത്തിൽ രണ്ടു കള്ളന്മാരും നിഷേധികളായിട്ടാണ് കാണപ്പെട്ടത്. ഒരു സുവിശേഷത്തിൽ നാം അങ്ങനെ വായിക്കുന്നു : "തൂക്കിയ ദുഷ്പ്രവർത്തിക്കാരും അങ്ങനെ അവനെ ദുഷിച്ചു പറഞ്ഞു" എന്ന്. എന്നാൽ പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ബോദ്ധ്യം വരുത്തിയപ്പോൾ ഒരുവൻ മനം തിരിഞ്ഞു ക്രിസ്തുവിൽ വിശ്വസിച്ചു.

ഇനി അടുത്ത ഭാഗം ശ്രദ്ധിക്കുക: അവിടെ വിശ്വാസത്തിലേക്ക് കടന്നുവരുന്ന കള്ളൻ മറ്റേ കള്ളനെ ഉപദേശിക്കുന്നു. "നീ

ദൈവത്തെ ഭയപ്പെടുന്നില്ലയൊ?" എന്ന് ചോദിക്കുന്നു. ഇത് ഒരു സ്വപരിശോധന ആണ്.

ഇന്ന് പാപത്തിൽ തന്നെ ജീവിതം തുടരുന്ന അനേകരും ദൈവത്തെ ഭയപ്പെടുന്നില്ല. യഥാർത്ഥ ദൈവഭയം ഒരുവനെ സത്യദൈവത്തോട് അടുപ്പിക്കും. വീണ്ടും ആ കള്ളൻ തന്റെ സംസാരം തുടരുന്നു. "നമ്മൾ ന്യായമായിട്ട് ശിക്ഷ അനുഭവിക്കുന്നു. ഇവനൊ അരുതാത്തതൊന്നും ചെയ്തിട്ടില്ല". നാം ഒരുപോലെ പാപികളാണ്. ഒരു പോലെ തെറ്റുകൾ ചെയ്തു ജീവിച്ചു. എന്നാൽ കർത്താവ് അരുതാത്തതൊന്നും ചെയ്തിട്ടില്ല. അവൻ നമ്മുടെ പാപം നിമിത്തം ശിക്ഷ അനുഭവിക്കുന്നു. ആകയാൽ നമുക്ക് ഒരുപോലെ ക്രിസ്തുവിലൂടെ രക്ഷനേടാം. അവൻ പറയുന്നതിന്റെ സാരം : 'സ്നേഹിതാ, രക്ഷക്ക് ഇനിയും താമസിക്കരുത്. ഇനിയും വൈകരുത്' എന്നത്രെ. പ്രിയ സ്നേഹിതാ, സുവാർത്തയുടെ കേൾവി തന്നെ ഒരു ഭാഗ്യമാണ്. നിങ്ങൾ വിശ്വസിക്കുവാൻ എത്രത്തോളം താമസിക്കും?

ഒടുവിൽ ഈ കള്ളൻ കർത്താവിലേക്ക് മുഖം തിരിച്ചു. അവൻ പ്രാർത്ഥിക്കുവൻ തുടങ്ങുന്നു. മരിക്കുന്ന കള്ളൻ ക്രൂശിൽ പാപിക്ക് വേണ്ടി മരിക്കുന്ന രക്ഷകനോട് കഴിക്കുന്ന പ്രാർത്ഥന ആണിത്. ഒരു പക്ഷെ ഈ ഭൂമിയിൽ ആ വ്യക്തിയുടെ ആദ്യത്തേയും അവസാനത്തേതുമായ പ്രാർത്ഥന ആയിരുന്നു അത്. ഒരു പക്ഷെ ജീവിതത്തിൽ അവന്റെ ആദ്യത്തെ ഒരു ആത്മിക അനുഭവം ആയിരിക്കും. എന്താണ് ആ പ്രാർത്ഥന വാചകങ്ങൾ? "കർത്താവെ നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർക്കേണമെ".

ഒരു ഒറ്റവരി പ്രാർത്ഥന. പ്രാർത്ഥനയിൽ ആത്മാർത്ഥതയുണ്ടെങ്കിൽ, ആവശ്യബോധം ഉണ്ടെങ്കിൽ പ്രാർത്ഥനയുടെ ഒരു വാക്ക് മതി സ്വർഗ്ഗത്തിന്റെ കവാടം തുറന്നു കിട്ടുവാൻ. പ്രാർത്ഥനാ പുസ്തകത്തിലെ അച്ചടിച്ച പ്രാർത്ഥന ഒരു ചടങ്ങ് എന്നപോലെ അനേകം പ്രാവശ്യം ചൊല്ലിയിട്ടും രക്ഷയുടെ നിശ്ചയം

പ്രാപിക്കാത്ത എത്രയൊ ആയിരങ്ങളുണ്ട്. എന്നാൽ പരിശുദ്ധാത്മ പ്രേരിതനായി ഒരു വാക്ക് നിലവിളിച്ചാൽ മതി സ്വർഗ്ഗം അത് കേട്ട് ഉത്തരം നൽകും. ചുങ്കക്കാരന്റെ പ്രാർത്ഥന, യെരിഹൊയിലെ കുരുടന്റെ പ്രാർത്ഥന എന്നിവ നാം സുവിശേഷങ്ങളിൽ വായിക്കുന്നത് ഇതിന് ഉദാഹരണങ്ങളാണ്.

കള്ളന്റെ ഏറ്റം ചെറിയ പ്രാർത്ഥനക്ക് ഉത്തരം ലഭിച്ചത് ഏറ്റവും വലിയ നിലയിൽ ആയിരുന്നു. അവന്റെ പ്രാർത്ഥന ഒന്നുകൂടി ആവർത്തിക്കട്ടെ "കർത്താവെ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർക്കേണമെ". അവന്റെ പ്രാർത്ഥനയിൽ വ്യാപരിക്കുന്ന ദൈവിക സത്യങ്ങൾ ശ്രദ്ധിക്കുക.

(1) ക്രിസ്തു മരിക്കുന്നത് പാപിക്കു വേണ്ടിയാണ്.

(2) ക്രിസ്തു മരിക്കും എന്നാൽ അവൻ ഉയിർക്കും.

(3) മരണാനന്തരം ഏവർക്കും ഒരു ജീവിതം ഉണ്ട്.

(4) ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ഭാവിയിൽ ഒരു സൗഭാഗ്യ നിത്യജീവിതം ഉണ്ട്.

(5) യേശുക്രിസ്തു വീണ്ടും വരും. അവന് ഒരു രാജത്വം ഉണ്ടായിരിക്കും. അവൻ വീണ്ടും വരുന്നത് ലോകത്തിന്റെ മഹാരാജാവായിട്ടായിരിക്കും.

(6) അന്ന് ക്രിസ്തു വിശ്വാസികൾ ക്രിസ്തുവിനോടു കൂടെ വാഴും.

(7) യേശു ക്രിസ്തുവിന്റെ രാജത്വം ഒരു നിത്യ രാജത്വം ആയിരിക്കും.

യേശുക്രിസ്തു ശിഷ്യന്മാരോട് തന്റെ ഒലിവുമല പ്രഭാഷണ ത്തിൽ ഈ സത്യങ്ങൾ പഠിപ്പിച്ചിട്ടുണ്ടായിരുന്നു. ശിഷ്യന്മാർ ഗ്രഹിച്ചിരുന്ന സത്യങ്ങൾ. എന്നാൽ ക്രൂശീകരണ സമയത്ത് അവർ ഓടി ഒളിച്ചു. അവർ അറിഞ്ഞ സത്യത്തെ ഇപ്പോൾ ഇതാ അവർക്ക്

പകരം ഈ കള്ളൻ ഉറക്കെ പറയുന്നു. ശിഷ്യന്മാർ 3½ വർഷം യേശുവിനോടു കൂടെ നടന്ന് മനസ്സിലാക്കിയ സത്യങ്ങൾ അവർ പിൻമാറികളഞ്ഞ സാഹചര്യത്തിൽ ഈ കള്ളനെ കൊണ്ട് സ്വർഗ്ഗം ഏറ്റുപറയിച്ചു.

യേശുവെ, നീ എന്നെ ഓർക്കേണമേ, മനുഷ്യൻ മറന്നോട്ടെ എന്നാൽ നീ എന്നെ ഓർത്താൽ മതി. പ്രിയ സ്നേഹിതാ, നാം ആരുതന്നെ ആയാലും, നമ്മുടെ പ്രശസ്തി എത്ര തന്നെ ആയാലും, നമ്മുടെ മരണസമയം ഈ ലോകം അതിന്റെ മാറുകീറി നമ്മെ അടക്കിവെക്കുകയും നമ്മെ വിസ്മരിച്ചുകൊണ്ട് തലമുറകൾ കടന്നുപോകുകയും ചെയ്യും. എന്നാൽ തന്നിൽ ആശ്രയിക്കുന്നവരെ മറക്കാത്തവൻ സ്വർഗ്ഗീയ പിതാവാം ദൈവം മാത്രമാണ്. ദൈവം മനുഷ്യനെ മറക്കുന്നില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ക്രൂശ്.

ആ കള്ളന്റെ പ്രാർത്ഥനക്ക് യേശു നൽകിയ മറുപടിയാണ് കുരിശിലെ രണ്ടാമത്തെ മൊഴി "ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും".

കള്ളന്റെ ക്രൂശ് അവന് ബന്ധനവും, യാതനയും, പരിഭ്രാന്തിയും, മരണത്തിലേക്കും നരകത്തിലേക്കുമുള്ള വഴിയും ആയിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ക്രൂശ് അവന് സ്വാതന്ത്ര്യവും, ആശ്വാസവും, സ്വസ്തതയും, ജീവനിലേക്കും, സ്വർഗ്ഗത്തിലേക്കുമുള്ള വഴിയും ആയിതീർന്നു.

ഒരിക്കൽ കർത്താവ് തന്നിൽ വിശ്വസിച്ചവരോട് ഇങ്ങനെ പറഞ്ഞു : "നിങ്ങൾ നിങ്ങളുടെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കണം" എന്ന്. എത്ര അർത്ഥവത്താണ് ആ വാക്കുകൾ. നമ്മുടെ ക്രൂശ് എടുത്ത് നാം ആരെയാണ് അനുഗമിക്കേണ്ടത്? സാക്ഷാൽ കുരിശ് വഹിച്ച ആ യേശുവിനെ. നമ്മുടെ ക്രൂശ് നമുക്ക് ബന്ധനം ആയിരിക്കാം. എന്നാൽ ക്രിസ്തുവിന്റെ ക്രൂശിൽ നാം ആശ്വാസവും, സ്വസ്തതയും കണ്ടെത്തും. നമ്മുടെ ക്രൂശ് ഒരു

മരണവഴി ആകാം. എന്നാൽ ക്രിസ്തുവിന്റെ ക്രൂശിലൂടെ നാം ജീവനിലേക്ക് പ്രവേശിക്കും. നമ്മുടെ കഷ്ടതകളുമായി നാം ക്രിസ്തുവിനെ അനുഗമിക്കുമ്പോൾ ആ കഷ്ടതകൾ അവസാനിക്കുന്ന സ്ഥാനമാണ് ക്രിസ്തുവിന്റെ ക്രൂശ്.

ഒരു വസ്തുത നാം എപ്പോഴും ഓർത്തിരിക്കണം. ക്രൂശ് ഒരു രൂപമായിട്ടല്ല നമ്മുടെ കണ്ണിന് മുൻപിൽ ഇരിക്കേണ്ടത്. അത് ഹൃദയത്തിൽ ഒരു ആത്മിക അനുഭവം ആയിരിക്കണം.

ക്രൂശീകരണത്തിന്റെ വേദന കള്ളന് മനസ്സിലായി. ഇന്ന് നമുക്കും അത് അത്മികമായി മനസ്സിലാകണം. അവന്റെ കഷ്ടാനുഭവത്തോടും, മരണത്തോടും, ഏകീഭാവം വരുന്നവർക്കു മാത്രമെ അവന്റെ പുനരുദ്ധാനത്തിന്റെ സാദൃശ്യത്തോട് ഏകീഭാവം വരുവാൻ സാധിക്കുകയുള്ളൂ. യേശുക്രിസ്തുവിലെ വിശ്വാസത്താൽ ഇത് സാധ്യമാകും. പറുദീസ പ്രവേശനം ഏവർക്കും ഇഷ്ടമാണ്. എന്നാൽ അതിനായി ക്രിസ്തുവിന്റെ ക്രൂശുമരണത്തോടുള്ള പങ്കാളിത്തം ഒരു വ്യക്തി ഉറപ്പാക്കേണം. യേശുക്രിസ്തു എന്റെ പാപത്തിന് പരിഹാരം വരുത്തുവാൻ എനിക്ക് പകരമായി മരിച്ച് എന്ന വിശ്വാസം ആണ് അതിന് ആവശ്യം. യേശുക്രസ്തുവിന്റെ മരണത്തിന്റെ സാദൃശ്യത്തോട് ഏകീഭവിക്കുന്നവർ അവന്റെ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും. അവർ ദൈവത്തെ കാണും.

ക്രൂശിലെ കള്ളന്റെ പ്രാർത്ഥനയ്ക്ക് ക്രിസ്തു മറുപടി നൽകി. "ഇന്നു നീ എന്നോടുകൂടി പറുദീസയിൽ ഇരിക്കും". അവൻ 'നാളെ' ചോദിച്ചു. എന്നാൽ 'ഇന്ന്' മുതലുള്ള അനുഗ്രഹം കർത്താവ് അവന് നൽകി.

### മൊഴി – 3

*"സ്ത്രീയെ ഇതാ നിന്റെ മകൻ എന്നു അമ്മയോട് പറഞ്ഞു. പിന്നെ ശിഷ്യനോട് ഇതാ നിന്റെ അമ്മ എന്നും പറഞ്ഞു."*

(യോഹന്നാൻ 19:26, 27)

ക്രൂശിലെ ആദ്യത്തെ മൂന്നു മണിക്കൂറുകളിലെ അവസാന നിമിഷങ്ങളാണിത്. അതുപോലെ തന്നെ മൂന്നാമത്തെ മൊഴിയും. യോഹന്നാന്റെ കരങ്ങളിൽ മറിയയെ ഭരമേല്പിക്കുന്ന സന്ദർഭം ആണിത്.

യോഹന്നാൻ ഇതു എഴുതുമ്പോൾ ക്രൂശിനരികെ അവർ നിന്നിരുന്നു. പിന്നീട് പടയാളികൾ അവരെ അവിടെ നിന്നും മാറ്റി. ഇത് ആറാം മണി നേരത്ത് സംഭവിച്ച കാര്യങ്ങളാണ്. യോഹന്നാന്റെ സുവിശേഷത്തിൽ ആ വിവരണങ്ങൾ നൽകുമ്പോൾ അവിടെ "യേശു അവരെ കണ്ടിട്ട് എന്ന് എഴുതിയിരിക്കുന്നു. അതിവേദനയുടെ സന്ദർഭത്തിലും കർത്താവ് അവരെ കാണുകയും ശ്രദ്ധിക്കയും ചെയ്തു. ഭീരുക്കളായി തീർന്ന ശിഷ്യർ മിക്കവരും യഹൂദന്മാരെ പേടിച്ച് ഓടി പോയി. "ഇടയൻ വെട്ടേറ്റു, ആടുകൾ ചിതറിപോയി" എന്ന പ്രവചന ഭാഗം നിവർത്തീകരിക്കപ്പെട്ടു. എന്നാൽ മറിയയോടൊപ്പം ചില സ്ത്രീകളും, യോഹന്നാനും യേശുവിന്റെ കഷ്ടതകൾക്ക് സാക്ഷ്യം നിന്നു. ക്രിസ്തുവിനെ സഹായിപ്പാൻ അവർ അശക്തരായിരുന്നു. എന്നാൽ ആ യാതനാ സമയത്ത് അവർ അവരുടെ സാന്നിദ്ധ്യം നൽകി. നമുക്ക് ചെയ്യുവാൻ ഒന്നുമില്ല എന്ന് തോന്നുന്ന അനേക ഘട്ടങ്ങളിലും നമ്മുടെ സാന്നിദ്ധ്യത്തിന് അതിന്റേതായ വിലയുണ്ട് എന്ന് നാം ഓർക്കേണ്ടതാണ്. സാധുക്കളായ ആ വ്യക്തികൾ തങ്ങളുടെ സാന്നിദ്ധ്യം നൽകിയതിനാലാണ് "യേശു തന്റെ പ്രിയപ്പെട്ടവർ നിൽക്കുന്നത് കണ്ടിട്ട്" എന്ന് വചനത്തിൽ രേഖപ്പെടുത്തുവാൻ മുഖാന്തരമായത്.

മറിയ ക്രൂശിന്റെ അരിക നിന്നിരുന്നു. ലൂക്കോസിന്റെ സുവിശേഷത്തിൽ പൈതലായിരുന്ന യേശുവിനെയും കൊണ്ട് ദൈവാലയത്തിൽ ചെന്ന യോസെഫിനെയും മറിയെയും കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെ വൃദ്ധനായ പ്രവാചകനായ ശിമ്യോൻ പൈതലായ യേശുവിനെ കൈയ്യിലെടുത്തശേഷം മറിയയോട് ഇങ്ങനെ പറഞ്ഞതായി കാണുന്നു: "നിന്റെ

പ്രാണനിലും ഒരു വാൾ കടക്കും" എന്ന്. ആ സന്ദർഭമാണിത്. മറിയയിൽ ഇപ്പോൾ ആ വാക്കുകൾ നിറവേറുന്നു. ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിലെ കൂട്ടായ്മ മറിയയും മറ്റു ചില പ്രിയപ്പെട്ടവരും ഇപ്പോൾ അനുഭവിക്കുന്നു.

യശയ്യാ പ്രവാചകൻ ഇങ്ങനെ എഴുതി : "നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ അവരുടെ മേൽ വീണു". ക്രൂശിൽ യാതന അനുഭവിക്കുന്ന ക്രിസ്തുവിനെ യഹൂദന്മാരും, റോമാ പടയാളികളും നിന്ദിച്ചപ്പോൾ, ആ നിന്ദ ഈ പ്രിയപ്പെട്ടവരുടെ മേലും വീണു. ഇന്നും ക്രൂശിന് സാക്ഷ്യം വഹിക്കുന്നവർ ലോകത്താൽ നിന്ദിക്കപ്പെടാറുണ്ട്. അതിനാലാണ് അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യ ലേഖനത്തിൽ എഴുതിയത്: "സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല" എന്ന്. നിന്ദിക്കപ്പെടുവാനുള്ള സാദ്ധ്യത സുവാർത്ത അറിയിക്കുന്നവർ ഇന്നും തള്ളിക്കളയുന്നില്ല.

പ്രാണനിൽ വാൾ കടക്കുമ്പോഴും മറിയ സംയമനം പാലിച്ചു. ഏറ്റവും ഭീകരമായ സാഹചര്യങ്ങളിൽപോലും ദൈവ കൃപക്ക് നമ്മെ ശാന്തരാക്കുവാൻ കഴിയും. ക്രിസ്തുവിന്റെ പുനരുത്ഥാന പ്രത്യാശയാൽ അവർ ശാന്തരായി നിന്നു. പ്രത്യാശയില്ലാത്ത മറ്റുള്ളവരെ പോലെ അവർ നിലവിളിച്ചില്ല. ദുഃഖവേളകളിൽ ദൈവിക പ്രത്യാശക്കു എത്ര ആശ്വാസം നൽകാൻ കഴിയും എന്നതിന്റെ തെളിവായിരുന്നു ആ സന്ദർഭം.

കുരിശിന്റെ അരികിൽ നിന്ന മറിയയെ കരുതുന്ന വാക്കുകൾ ആണ് കർത്താവ് ഉച്ചരിക്കുന്നത്. തന്റെ വിശ്വസ്ത ശിഷ്യനെ മറിയയുടെ സംരക്ഷണ ചുമതല ഏല്പിക്കുന്നു. "അവൻ നമുക്കു വേണ്ടി കരുതുന്നവനാകുന്നു".... എന്ന് നാം വചനത്തിൽ നിന്നും മനസ്സിലാക്കുന്നു. ഇവിടെ ആ വചനം അന്വർത്ഥമാകുന്നു.

ഒരു വസ്തുത ഈ ഘട്ടത്തിൽ നാം ഓർക്കേണ്ടത് ആവശ്യമായിരിക്കുന്നു. കൈകാലുകൾ കുരിശിൽ ബന്ധിക്കപ്പെട്ട അവസ്ഥയിലും കരുതിയ കർത്താവ് ഇന്ന് മഹത്വധാരിയായി

സ്വർഗ്ഗത്തിൽ വാഴുമ്പോൾ എത്ര അധികമായി നമ്മെ കരുതും? ഒരു വാതിൽ അടഞ്ഞാലും ദൈവത്തിന് കരുതലിന്റെ മറ്റൊരു വാതിൽ തുറക്കാൻ കഴിയും എന്നതിന്റെ തെളിവായിരുന്നു മറിയയ്ക്കുള്ള സംരക്ഷണം. പ്രവചന പുസ്തകത്തിൽ "ഞാൻ ഒരു പുതിയ ഉറവ തുറക്കും" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. യോഹന്നാൻ ആ നാഴിക മുതൽ മറിയയെ കൈകൊണ്ടു എന്ന് നാം വായിക്കുന്നു. സ്വന്തമാതാവിനെപ്പോലെ 11 വർഷത്തോളം എഫസോസിൽ യോഹന്നാൻ മറിയയെ സംരക്ഷിച്ചു എന്ന് ചരിത്രം പറയുന്നു. യോഹന്നാൻ മറിയയെ കരുതി. യോഹന്നാനെ കർത്താവും കരുതി. ആത്യന്തികമായി ദൈവമക്കൾ ഏവരും പ്രാപിക്കുന്നത് ദൈവിക കരുതൽ തന്നെയാകുന്നു.

കുരിശിലെ ആദ്യത്തെ മൂന്നു മൊഴികളിൽ കർത്താവ് നൽകുന്ന പാപക്ഷമ, പറുദീസ, പരിപാലനം എന്നിവ നാം കാണുന്നു. യേശുക്രിസ്തുവിൽ വിശ്വസിച്ചാശ്രയിച്ച് ഇന്ന് ഈ അനുഗ്രഹം ഇത് വായിക്കുന്നവർ പ്രാപിക്കുവാൻ ദൈവം സഹായിക്കട്ടെ.

## രണ്ടാം ഭാഗം

### മൊഴി - 4

*"ആറാം മണി നേരം മുതൽ ഒമ്പതാം മണിനേരം വരെ ദേശത്തെല്ലാം ഇരുട്ടുണ്ടായി. ഏകദേശം ഒമ്പതാം മണി നേരത്ത് യേശു "ഏലി, ഏലി, ലമ്മാ ശബക്താനി" എന്ന് ഉറക്കെ നിലവിളിച്ചു. എന്റെ ദൈവമെ, എന്റെ ദൈവമെ നീ എന്നെ കൈവിട്ടത് എന്ത് എന്ന് അർത്ഥം"*

(മത്തായി 27:45,46 / മർക്കൊസ് 15:34)

ക്രൂശീകരണത്തിന്റെ രണ്ടാം ഭാഗം ആണ് ഇത്. ആദ്യ ഭാഗത്തെ 3 മണിക്കൂർ വേളയിലെ കഷ്ടാനുഭവങ്ങൾ മനുഷ്യൻ ചെയ്ത ഉപദ്രവങ്ങൾ മൂലമായിരുന്നു. അതാണ് സുവിശേഷങ്ങളിൽ രേഖയാക്കിയിട്ടുള്ളത്. അതു തന്നെ നമുക്ക് ചിന്തിക്കുവാൻ കഴിയുന്നതിനും അപ്പുറമുള്ള വേദനകൾ ആയിരുന്നു. ക്രിസ്തുവിന്റെ ജീവിതാനുഭവങ്ങൾ അഭ്രപാളികളിൽ ആക്കുന്നവരും, എഴുതുന്നവരും ആ കഷ്ടതകളാണ് ക്രൂശിലെ യാതനകളായി ചിത്രീകരിക്കുവാനും, വിവരിക്കുവാനും ശ്രമിക്കുന്നത്. കാരണം രേഖകൾ അതിന് മാത്രമെ ഉള്ളു.

എന്നാൽ ക്രൂശീകരണത്തിന്റെ രണ്ടാം ഭാഗമായ 6-ാം മണി നേരം മുതൽ 9-ാം മണി നേരം വരെയുള്ള അതിതീവ്രമായ വേദനകൾ രേഖയാക്കപ്പെട്ടിട്ടില്ല.അതിന്നും ലോകത്തിന് അജ്ഞാതമാണ്.ആ മൂന്നുമണിക്കൂർ നേരം പ്രായശ്ചിത്തയാഗമായി തിരുകയായിരുന്നു ക്രിസ്തു. ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ഒരു കുഞ്ഞാടായി-യാഗ വസ്തുവായി- ക്രിസ്തുതീർന്നു. ദേശമെല്ലാം ഇരുൾ മൂടിയതിനാൽ താൻ അനുഭവിച്ച നരകതുല്ല്യമായ യാതന ആർക്കും കാണുവാൻ കഴിയുമായിരുന്നില്ല. പാപത്തിന്റെ നേർക്കുള്ള ദൈവത്തിന്റെ കോപതീയിൽ ദൈവപുത്രൻ വെന്തെരിഞ്ഞു. തന്റെ പാപമില്ലാത്ത ശരീരത്തിൽ സർവ്വ

ലോകത്തിന്റെയും പാപം താൻ വഹിച്ചു. ആ സമയത്ത് താൻ ഉച്ചരിക്കുന്ന നാല് മൊഴികളും, ഒടുവിൽ പടയാളികളിൽ ഒരുവൻ കുന്തം കൊണ്ട് വിലാപ്പുറത്ത് കുത്തി അവിടെ നിന്നും രക്തവും വെള്ളവും പുറപ്പെട്ടു എന്നീ പരാമർശങ്ങൾ മാത്രമാണ് വചനത്തിലും കാണുന്നത്. ആ പടയാളിയുടെ കുത്ത് ഏല്ക്കുന്നതിനും മുന്നെ തന്നെ താൻ ജീവൻ വെച്ചു കഴിഞ്ഞിരുന്നു. ഒടുവിലത്തെ 3 മണിക്കൂറുകളിലെ വ്യഥ എന്താണെന്ന് വെളിപ്പെടുത്തിയിട്ടില്ല. അത് അജ്ഞാതമാണ്. രേഖയാക്കപ്പെട്ടിട്ടുള്ളത് ആ സമയത്തെ മൊഴികൾ മാത്രമാണ്. അതിൽ ആദ്യത്തെതാണ് : "എന്റെ ദൈവമെ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്" എന്നുള്ളത്. വ്യഥയുടെ തീച്ചൂളയിൽ കൂടി ക്രിസ്തു കടന്നുപോകുമ്പോൾ ഉച്ചരിച്ച വാക്കുകൾ. ക്രൂശീകരണത്തിന്റെ ഈ രണ്ടാംഘട്ടം മാനവ പാപപരിഹാരത്തിനായുള്ള പ്രായശ്ചിത്തയാഗമായി സ്വർഗ്ഗം തീർക്കുന്നു.

ഗതശമനയിൽ വെച്ച് ലോകത്തിന്റെ പാപം ചുമന്നൊഴിക്കപ്പെടുവാനുള്ള ദൈവ ഇഷ്ടത്തിനായി താൻ ഈ പാനപാത്രം കുടിക്കാമെന്ന് കർത്താവ് പ്രാർത്ഥിച്ചു. ആദ്യ മനുഷ്യനായ ആദാമ്യപരമ്പരയിൽപ്പെട്ട ഒരാൾക്കും മനുഷ്യന്റെ രക്ഷകനാകുവാൻ കഴുയമായിരുന്നില്ല. അതിനാൽ രക്ഷകന്റെ യോഗ്യതയിൽ തികവുള്ള പൂർണ്ണതയുള്ള ഏക മനുഷ്യനെന്ന വിശേഷണം ബൈബിൾ നൽകുന്ന ക്രിസ്തു തന്റെ പാപമില്ലാത്ത ശരീരത്തിൽ ലോകത്തിന്റെ പാപം വഹിച്ചു. പാപിയായ മനുഷ്യനുവേണ്ടി പകരക്കാരനായി, കൈപ്പിന്റെയും, വേദനയുടെയും, ശിക്ഷാവിധിയുടേയും, മരണത്തിന്റെയും ഈ പാനപാത്രം കുടിച്ചു തീർത്തു. അതിന്റെ പൂർണ്ണതയിൽ - അതായത് ദൈവത്താലുള്ള കൈവിടപ്പെടൽ പൂർണ്ണമായി അനുഭവിച്ചുകഴിഞ്ഞപ്പോൾ നിലവിളിയാൽ ആ യാഥാർത്ഥ്യത്തെ ക്രിസ്തു വെളിവാക്കി. ആ നിലവിളിയാണ് "എന്റെ ദൈവമെ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്" എന്നുള്ളത്. അത് ഉറക്കെയുള്ള നിലവിളിയായിരുന്നു എന്നാണ് ബൈബിൾ പറയുന്നത്.

22-ാം സങ്കീർത്തനം 1-ാം വാക്യം ആണ് അത്. ക്രിസ്തുവിനും 1000-ൽ പരം വർഷങ്ങൾക്ക് മുമ്പ് ദാവീദ് പ്രവചനാത്മാവിൽ ആയി അത് അന്നേ എഴുതിയിരുന്നു. അതുകൊണ്ടാണ് തിരുവെഴുത്തിന് നിവൃത്തിയാകും വിധം ക്രിസ്തു ഇത് ഉദ്ധരിച്ചു എന്ന് എഴുതിയിരിക്കുന്നത്. തന്റെ കഷ്ടതകളിലും, മരണത്തിന്റെ സമയത്തും ദൈവിക തിരുവെഴുത്ത് ക്രിസ്തുവിന്റെ അധരങ്ങളിൽ ഉണ്ടായിരുന്നു. ഹൃദയത്തിൽ നിറഞ്ഞു നിന്ന വചനം മരണസമയത്ത് അധരങ്ങളിൽ വന്നു. അതിവേദനയിൽ കിടന്ന സമയം, 'എന്റെ ശക്തി ശക്തി ഓട്ടു കഷ്ണംപോലെ ഉണങ്ങി യിരിക്കുന്നു എന്ന് മശിഹാ സങ്കീർത്തനത്തിൽ കാണുന്ന സന്ദർഭം, ഒരു വാക്കുപോലും ഉച്ചരിക്കുവാനുള്ള ബലം അവശേഷിക്കാത്ത ഘട്ടത്തിലും, ദൈവ വചനം അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞ ക്രിസ്തു. ആ മൊഴിയുടെ പ്രത്യേകതകൾ ശ്രദ്ധിക്കുക:

ഒന്ന്, അത് അത്യുച്ചത്തിലുള്ള നിലവിളി ആയിരുന്നു. സർവ്വ ലോകവും അത് കേൾക്കണം.

രണ്ട്, അത് തീയിൽ നിന്നുള്ള ശബ്ദം ആയിരുന്നു. പാപത്തിന് നേർക്കുള്ള ദൈവത്തിന്റെ ക്രോധതീയിൽ പാപിക്ക് പകര ക്കാരനായി ദൈവപുത്രൻ വെന്തെരിയുമ്പോൾ ഉച്ചരിച്ച ശബ്ദം. പുറപ്പാട് പുസ്തകത്തിൽ മൊശെ, കത്തികൊണ്ടിരിന്നിട്ടും വെന്തുപോകാത്ത മുൾപടർപ്പിൽ നിന്നും ദൈവശബ്ദം കേട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ക്രൂശിൽ നിന്നും തീയിൽ നിന്നുള്ള ശബ്ദം കേൾക്കുന്നു. 2000-ൽ പരം വർഷങ്ങളായി ക്രൂശിന്റെ സത്യവും രക്ഷയുടെ ആത്മിക പൊരുളും വെന്തുപോകാതെ ഇന്നും നിലനിൽക്കുന്നു.

മൂന്ന്, യാതനയുടേയും പരവശതയുടേയും ആധിക്യത്താലുള വാകുന്ന നിലവിളി, പാപി നരകത്തിൽ നിലവിളിക്കേണ്ട ശബ്ദം. പാപിക്ക് പകരക്കാരനായി ക്രിസ്തു നിലവിളിക്കുന്നു. ദൈവം കൈവിട്ടാൽ എങ്ങനെ ഇരിക്കും എന്ന് ഇന്ന് ആർക്കും അറിയില്ല. അത് അറിയാവുന്നത് യേശുക്രിസ്തുവിന് മാത്രമാണ്. യേശുക്രിസ്തു മൂലം ആത്മരക്ഷയുടെ അനുഭവത്തിലേക്ക്

വരാത്തവർ അന്ത്യന്യായവിധി നാളിൽ ദൈവത്താൽ കൈവിടപ്പെടുന്നതിന്റെ ഭയാനകത തിരിച്ചറിയും. അനേകർക്കും വൈകി മാത്രം മനസ്സിലാകുന്ന സത്യം ആയിരിക്കും അത്.

നാല്, ഉത്തരം കിട്ടാത്ത നിലവിളി ആയിരുന്നു പ്രത്യക്ഷത്തിൽ. എന്നാൽ സ്വർഗ്ഗത്തിന്റെ മൗനം ആ നിലവിളിയുടെ ഉത്തരം ആയിരുന്നു. സ്വർഗ്ഗം മൗനം വെടിഞ്ഞിരുന്നുവെങ്കിൽ പ്രായശ്ചിത്ത യാഗം തടസ്സപ്പെടുകയും മനുഷ്യന്റെ സ്വർഗ്ഗീയ വീണ്ടെടുപ്പ് സാദ്ധ്യമാകുവാനുള്ള ദൈവ നീതിയുടെ നിർവഹണത്തിന് തടസ്സം വരികയും ചെയ്യുമായിരുന്നു. അതിനാൽ മൗനം ഉത്തരമായി തീർന്നു. ദൈവ നീതി നിറവേറ്റപ്പെട്ടു. ആ നീതിയാൽ ആർക്കും വിമോചനം കരസ്ഥമാക്കാം.

22-ാം സങ്കീർത്തനം ആരംഭിക്കുന്നത് "എന്റെ ദൈവമെ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്" എന്നുള്ള പ്രവചന വാക്യത്തോടെയാണെങ്കിലും, അതേ സങ്കീർത്തനം അവസാനിക്കും മുൻപേ "കാട്ടുപോത്തുകളുടെ കൊമ്പുകളുടെ ഇടയിൽ നീ എനിക്ക് ഉത്തരം അരുളുന്നു... സഭാ മദ്ധ്യെ ഞാൻ നിന്നെ പുകഴ്ത്തും" എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

എബ്രായ ലേഖനത്തിലും യേശുവിന്റെ "ഉറച്ച നിലവിളിക്കും, യാചനക്കും ഉത്തരം ലഭിച്ചു" എന്ന് എഴുതിയിരിക്കുന്നു. ആ ഉത്തരമാണ് സുവിശേഷത്തിൽ വിശ്വസിച്ച് ദൈവമക്കളായി തീരുന്ന മനുഷ്യർ. സ്വർഗ്ഗത്തിന്റെ മൗനം മനുഷ്യൻ ദൈവത്താൽ സ്വീകരിക്കപ്പെടുന്നതിന്റെ മറുപടി ആയി തീർന്നു.

ക്രൂശിച്ച യഹൂദന്മാർ പറഞ്ഞത് അവൻ ഏലിയാവെ വിളിക്കുന്നു എന്നാണ്. അവർക്കത് മനസ്സിലാകാഞ്ഞിട്ടല്ല. സിറിയക്ക് ഭാഷയിലുള്ള ആ ഉദ്ധരണി റോമൻ പടയാളികൾക്ക് ഒരുപക്ഷെ മനസ്സിലായില്ലെങ്കിലും യഹൂദന്മാർക്ക് മനസ്സിലാകുമായിരുന്നു. എന്നാൽ യേശു മശിഹ അല്ലെന്ന് വരുത്തി തീർക്കുവാനും അവൻ മനുഷ്യനിൽ ആശ്രയിക്കുന്നു എന്ന് പ്രചരിപ്പിക്കുവാനും അവർ ശ്രമിച്ചു. ആരെങ്കിലും യേശുവിനെ മശിഹാ എന്ന് കരുതുന്നു വെങ്കിൽ ആ വിശ്വാസത്തെ തകർത്തെറിയുവാൻ യഹൂദന്മാർ

അങ്ങിനെ ശ്രമിച്ചു. യോഹന്നാൻ തന്റെ സുവിശേഷത്തിൽ അതിനാൽ മശിഹായെ കുറിച്ച് ഇങ്ങനെ എഴുതി : "അവൻ സ്വന്തത്തിലേക്ക് വന്നു. എന്നാൽ സ്വന്തമായവർ അവനെ കൈകൊണ്ടില്ല. ആകയാൽ അവനെ കൈകൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി (യോഹന്നാൻ 1:3)

ബൈബിളിൽ പ്രവചന പുസ്തകമായ സെഖര്യാ പ്രവചനത്തിൽ പറയുന്നത് ലോകാന്ത്യത്തിൽ സ്വർഗ്ഗത്തിൽ നിന്നും വീണ്ടും വരുന്ന ക്രിസ്തുവിനെ യിസ്രായേൽ അവരുടെ രക്ഷകനായും, മശിഹായായും ഏറ്റുകൊള്ളും എന്നു തന്നെയാണ്."അവർ കുത്തിയവങ്കലേക്ക് നോക്കും" എന്ന് എഴുതിയിരിക്കുന്നു. ആ പ്രവചനം അന്ന് നിവർത്തിയാകും.

എന്നാൽ കഴിഞ്ഞ 2000-ൽ പരം വർഷങ്ങളായി എത്രയോ ആയിരങ്ങൾ ക്രിസ്തുവിനെ അവരുടെ കർത്താവും സ്വന്തരക്ഷിതാവുമായി ഹൃദയപൂർവ്വം വിശ്വസിച്ച് ദൈവമക്കൾ ആയിതീർന്നു കൊണ്ടിരിക്കുന്നു.

3-ാം മണി നേരം മുതൽ 6-ാം മണി നേരം വരെയും 6-ാം മണി നേരം മുതൽ 9-ാം മണി നേരം വരെയും ക്രൂശികരണത്തിന്റെ സകല വേദനകളും കഷ്ടതകളും ക്രിസ്തു അനുഭവിച്ചു. എന്താണ് 9-ാം മണി നേരത്തിന്റെ പ്രത്യേകത. പുറപ്പാടു പുസ്തകത്തിൽ ഈജിപ്റ്റിൽ അടിമകളായിരുന്ന യിസ്രായേൽ മക്കൾ വിടുവിക്കപ്പെടുവാൻ സംഹാരദൂതൻ കടിഞ്ഞൂൽ സംഹാരം നടത്തി. അതോടെ ഈജിപ്ഷ്യൻ രാജാവായ ഫറവോൻ യിസ്രായേൽ മക്കളെ വിട്ടയച്ചു. എന്നാൽ യിസ്രായേൽ കുടുംബങ്ങളിൽ സംഹാര ദൂതൻ പ്രവേശിച്ചില്ല. കാരണം ഒരു പെസഹാ കുഞ്ഞാടിനെ അവർ യാഗമാക്കി അതിന്റെ രക്തം അവരവരുടെ വീടിന്റെ കട്ടളക്കാലിന്മേലും കുറുമ്പടിമേലും പുരട്ടി അവർ സംഹാര ദൂതനിൽ നിന്നും രക്ഷനേടി. പെസഹ കുഞ്ഞാട് അറുക്കപ്പെട്ട സമയവും 9-ാം മണിനേരം ആയിരുന്നു. പിന്നീട്

പൗലൊസ് ശ്ലീഹാ അതിന്റെ പുതിയ നിയമ അർത്ഥത്തെക്കുറിച്ച് കൊരിന്ത്യ ലേഖനത്തിൽ ഇങ്ങനെ എഴുതി "നമ്മുടെ പെസഹാ കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു. അത് ക്രിസ്തു തന്നെ" എന്ന്. ഒരു ജാതിക്കുവേണ്ടിയല്ല സർവ്വ ലോകത്തിനും വേണ്ടി ഒരു പെസഹാ കുഞ്ഞാടായി ക്രിസ്തു 9-ാം മണി നേരത്ത് അറുക്കപ്പെട്ടു. ഇന്ന് ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് കടന്നു വരുന്ന ഏതു വ്യക്തിയുടേയും ഏതു പാപവും പോക്കി അവനെ ശുദ്ധീകരിപ്പാൻ കഴിയുന്ന കുഞ്ഞാടിന്റെ രക്തം. "യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" എന്ന് ബൈബിൾ പറയുന്നു.

ബൈബിളിൽ ദാനിയേൽ പ്രവചനത്തിൽ ദാനിയേലിനോട് ഗബ്രിയേൽ ദൂതൻ വരുവാനുള്ള മശിഹായെക്കുറിച്ച് പറയുമ്പോൾ 'അഭിഷക്തൻ ആദ്യമെ ഛേദിക്കപ്പെടും' എന്ന് പറയുന്നുണ്ട്. അത് വിവരിച്ച സമയവും 9-ാം മണിനേരം ആണ്.

ദൈവത്തിന്റെ ഘടികാരം എത്രയൊ കൃത്യമാണ്. മനുഷ്യനു വേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാപദ്ധതി എത്ര സൂക്ഷ്മമായും കൃത്യമായും തയ്യാറാക്കപ്പെട്ടിരിക്കുന്നു എന്ന് ഓർക്കുക!

### മൊഴി – 5

*"എനിക്ക് ദാഹിക്കുന്നു'* (യോഹന്നാൻ 19:28)

അവിടെ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. "തിരുവെഴുത്ത് നിവൃത്തിയാകുന്നത് കണ്ടിട്ട് യേശു "എനിക്ക് ദാഹിക്കുന്നു എന്നു പറഞ്ഞു". യേശുക്രിസ്തു ദൈവ വചനത്തിന് പൂർണ്ണ പ്രാധാന്യം നൽകി. താൻ തന്നെ വചനം ആയിരുന്നു. "വചനം ജഢമായി നമ്മുടെ ഇടയിൽ പാർത്തു'' എന്നാണ് യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നത്. കഠിനമായ ദാഹത്തിലും തൊണ്ടയുടെ വരൾച്ചയിലും കർത്താവ് കടന്നുപോയ നിമിഷങ്ങൾ. ക്രൂശിക്കപ്പെടുന്നവർക്ക് വേദന അറിയാതിരിപ്പാൻ ഔദാര്യമായി

കുടിപ്പാൻ കൊടുക്കുന്ന ചൊറുക്കപോലും താൻ രുചി നോക്കിയാറെ കുടിച്ചില്ല. എന്ന് നാം വായിക്കുന്നു. തന്റെ ശരീരം ഉള്ളിടത്ത് തന്നെ മനസ്സിനെയും ഏകാഗ്രമാക്കിയിരുന്നു. താൻ എന്താണ് നിർവ്വഹിക്കുന്നതെന്നും ആർക്കുവേണ്ടിയാണ് ഈ അർപ്പണം എന്നും പൂർണ്ണമായി ഉൾകൊണ്ട്കൊണ്ട് ആ നാഴികയിൽ കൂടി കടന്നുപോയി.

നാക്കിന്റെ വരൾച്ച എന്നുള്ളത് ഭയാനകമാണ്, അത് നരകാനുഭവമാണ് "എന്റെ നാവ് അണ്ണാക്കോട് പറ്റിയിരിക്കുന്നു" എന്നാണ് 22-ാം സങ്കീർത്തനത്തിൽ ഒരു മുൻ പ്രവചനമായി എഴുതിയിരിക്കുന്നത്. നമുക്ക് പകരമായി ഏറ്റവും ഭയാനകമായ ഈ നരകാനുഭവത്തിൽ കൂടിയും യേശു കടന്നുപോയി.

എനിക്ക് ദാഹിക്കുന്നു എന്ന് ക്രിസ്തു കുരിശിൽ കിടന്ന നിലവിളിച്ചു. എന്നാൽ മനുഷ്യൻ അവന് ജലം കുടിപ്പാൻ കൊടുത്തില്ല. എന്നാൽ ക്രിസ്തുവിനോട് നിങ്ങൾ ദാഹജലം ചോദിച്ചു നോക്കുക. അതിന് ഉത്തരം നിശ്ചയമായി നൽകിയിരിക്കുന്നു. ബൈബിളിലെ ഒടുവിലത്തെ പുസ്തകമായ വെളിപ്പാട് പുസ്തകം അവസാനിക്കുന്നതിന് തൊട്ടു മുൻപ് ഇങ്ങനെ നാം വായിക്കുന്നു: "ദാഹിക്കുന്നവൻ വരട്ടെ, ഇശ്ചിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ". ആ ജീവജലം വിശ്വാസത്താൽ പാനം ചെയ്ത് ആത്മാവിന്റെ ദാഹം ഇന്ന് നിങ്ങൾ ശമിപ്പിക്കുക.

### മൊഴി - 6

*"നിവൃത്തിയായി"* (യോഹന്നാൻ 19:30)

മനുഷ്യൻ കാത്തിരുന്ന പാപപരിഹാര കർമ്മം കുരിശിൽ നിവൃത്തിയായി. മനുഷ്യന്റെ പ്രതീക്ഷയും പ്രത്യാശയും ആയിരുന്ന സ്വർഗ്ഗ പ്രവേശന സാദ്ധ്യത നിവൃത്തിയായി. മാനവരാശിക്ക് രക്ഷ നൽകുവാൻ ഇടയാകുന്ന ദൈവ നീതി നിവൃത്തിയായി. ദൈവനീതിയെ സംതൃപ്തിപ്പെടുത്തുവാൻ എത്ര വില

നൽകണമൊ ആ വില നൽകുവാൻ യേശുവിന്റെ രക്തത്തിന് - കുരിശിൽ നിന്നും ഒഴുകിയ ആ പിരശുദ്ധ രക്തത്തിന് - കഴിഞ്ഞു. ഗതശമനയിൽ താൻ പ്രാർത്ഥിച്ചു: "പിതാവെ നിന്റെ ഇഷ്ടം ആകട്ടെ" എന്ന്. ആ ദൈവ ഇഷ്ടം കുരിശിൽ നിവൃത്തിയായി.

നിവൃത്തിയായി എന്നുള്ളത് കുരിശിൽ മുഴങ്ങുന്ന വിജയഭേരി യാണ്. സാത്താന്റെ തല തകർത്തതും, വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെ മേൽ ജയോൽസവം കൊണ്ടാടി എന്ന് എഴുതിയിരിക്കുന്ന തിന്റെയും നിവൃത്തി.

മശിഹായുടെ മരണത്തെക്കുറിച്ചുള്ള പഴയ നിയമ പ്രവചന ങ്ങൾക്ക് എല്ലാം നിവൃത്തിയായി. ദാനിയേലിന്റെ പുസ്തകത്തിൽ 62 ആഴ്ചവട്ടം കഴിയുമ്പോൾ അഭിഷക്തൻ ഛേദിക്കപ്പെടും എന്നുള്ള പ്രവചനം നിവർത്തിയായി. യേശുക്രിസ്തു ക്രൂശിക്കപ്പെട്ട ആ ഒറ്റ ദിവസം കൊണ്ട് 33-ഓളം പ്രവചനങ്ങൾക്ക് നിവർത്തിവന്നു. പാപത്തിനും, മരണത്തിനും അന്ത്യം വരുത്തുന്ന രക്ഷാപദ്ധതി പൂർണ്ണമായും നിറവേറി. ഇനി അത് ഓരോ ഹൃദയത്തിലും വിശ്വാസത്താൽ നിവർത്തി വന്നാൽ മാത്രം മതിയാകും.

### മൊഴി - 7

*"പിതാവെ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു'* (ലൂക്കോസ് 23:46)

ക്രൂശിലെ ആറു മണിക്കൂർ ഏഴ് മൊഴികൾ. അത്ഭുതകരവും നിസ്തുല്ല്യവുമായ മൊഴികൾ. 7-ാമത്തെ മൊഴിയും ഉറക്കെ നിലവിളിച്ചുകൊണ്ടാണ് ഉദ്ധരിക്കുന്നത്. സർവ്വലോകവും ശ്രദ്ധിക്കേണ്ട മൊഴി. 4-ാമത്തെ മൊഴിയിൽ ദൈവമെ എന്നാണ് വിളിച്ചതെങ്കിൽ 7-ാമത്തെ മൊഴിയിൽ 'പിതാവെ' എന്നാണ് അഭിസംബോധന ചെയ്യുന്നത്. കാരണം നാം ക്രിസ്തുവിലൂടെ പുത്രത്വത്തിന്റെ ആത്മാവിനെ പ്രാപിക്കേണ്ടതിന് അത്രെ.

വിശ്വാസത്താൽ ഏവരും ദൈവമക്കൾ ആയി തീരുവാനും. നാം ദൈവത്തെ 'അബ്ബാ പിതാവെ' എന്ന് വിളിപ്പാൻ ഇടയാക്കുന്ന സ്വപുത്രന്റെ ആത്മാവിനെ പ്രാപിപാനും ഹേതുവായി (ഗലാത്യർ 4:6). യേശുക്രിസ്തു മുഖാന്തരം ദൈവ ഭാഗത്തേക്ക് വരുന്ന ഏത് വ്യക്തിയുടേയും ആത്മാവ് ഭദ്രമായിരിക്കും.

പ്രിയ സ്നേഹിതാ, ക്രൂശിലെ ഈ ഏഴ് മൊഴികൾ നിങ്ങൾക്ക് ഇന്ന് എന്തായിരിക്കുന്നു? മരിച്ചുവെങ്കിലും മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു ഇന്ന് നിങ്ങൾക്ക് ആരായിരിക്കുന്നു? അവൻ ലോക രക്ഷിതാവാകുന്നു. വ്യക്തിപരമായി നിങ്ങളുടെ കർത്താവും, സ്വന്തരക്ഷിതാവുമായി യേശുക്രിസ്തു വിശ്വാസത്താൽ സ്വീകരിക്കപ്പെടേണം. അങ്ങനെയെങ്കിൽ ഇന്ന് രക്ഷാദിവസം ആയി തീരും. ഇന്ന് ഒരു ഭാഗ്യദിനവും ആയിക്കും. സ്വർഗ്ഗത്തിൽ ജീവന്റെ പുസ്തകത്തിൽ നിങ്ങളുടെ പേര് കുറിക്കപ്പെടുന്ന സുവർണ്ണ ദിവസവും ഇന്നുതന്നെ ആയിരിക്കും. ആ ഏഴ് മൊഴികളിൽ മുഴങ്ങുന്ന ജീവന്റെ ശബ്ദത്താൽ ജീവവാതിൽ നിങ്ങൾക്കായി തുറക്കപ്പെട്ടിരിക്കുന്നു. വിശ്വാസത്താൽ അതിനുള്ളിലേക്ക് പ്രവേശിക്കുക!

(സണ്ണി തോമസ്)

---

പ്രസംഗ സംഗ്രഹം : തൃശൂർ (കിഴക്കേകോട്ട) 14-04-2017